# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2230

26.03.2013ൽ മറുപടിക്ക്.

### എമർജിംഗ് കേരള

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് എത്ര വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കുമെന്നാണ് തീരുമാനിച്ചിരുന്നത്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | എമർജിംഗ് കേരളയിലൂടെ 176 സംരംഭങ്ങളെ സംബന്ധിച്ച പദ്ധതി നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്. ഇവയുടെ വകുപ്പുതിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. എമർജിംഗ് കേരളയിൽ ലഭിച്ച പദ്ധതി നിർദ്ദേശങ്ങളുടെ തുടർ നടപടികൾ വിവിധ വകുപ്പുകൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നു.<br>ഇവയിൽ വ്യവസായ വകുപ്പിനു കീഴിലുള്ള 48 പദ്ധതി നിർദ്ദേശങ്ങളിൽ കെ.എസ്.ഐ.ഡി.സിയും കിൻഫ്രയും തുടർനടപടി സ്വീകരിച്ചു വരുന്നു. പ്രാഥമിക പരിശോധനകൾക്കു ശേഷം ഈ പദ്ധതികളിൽ 25 പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. ഇവയിൽ ബി.പി.സി എല്ലിന്റെ കൊച്ചി റിഫൈനറിയുടെ വികസന പദ്ധതിയുടെ ശിലാസ്ഥാപനം 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി നടത്തുകയുണ്ടായി. മറ്റു പദ്ധതികൾ ക്ലിയറൻസ്, ഡി.പി.ആർ തയ്യാറാക്കൽ എന്നീ ഘട്ടങ്ങളിലാണ്. |
| (ബി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ടു നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുവേണ്ടി നടപടികളിൽ വരുത്തിയ സുതാര്യതയുടെയും, മറ്റ് ഇളവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി)ഇതുവരെ ഏതെല്ലാം പദ്ധതികൾ ആരംഭിക്കുവാനാണ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതെന്നു പറയുമോ; | (ബി), (സി) & (ഡി) | എമെർജിംഗ് കേരളയിൽ വന്ന പദ്ധതികളുടെ സൂക്ഷ്മ സൂക്ഷ്മ പരിശോധന, പരിസ്ഥിതി ആഘാത പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ അതാത് വകുപ്പുകളിൽ നടന്നു വരുന്നു.<br>പെട്രോകെമിക്കൽ , ഭക്ഷ്യസംസ്കരണം, കെട്ടിട നിർമ്മാണമേഖലയിലെ പ്രീകാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബയോമെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം, HDPE സ്റ്റോറേജ് ടാങ്കുകളുടെ നിർമ്മാണം, സോളാർ പാനലുകളുടെ നിർമ്മാണം മുതലായ പദ്ധതികളിലെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിനു കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ , കൺവെൻഷൻ സെന്റർ, സീ പ്ലെയിൻ പദ്ധതി മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ഇതിൽ സീ പ്ലെയിൻ പദ്ധതി അടുത്തമാസം ഉൽഘാടനം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

ഡി) ഈ പദ്ധതികൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നു വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ Mercedes Benz മായി ചേർന്ന് ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യുക്കേഷൻ നടത്താനുദ്ദേശിക്കുന്ന Automotive Mechatronics Course. നു വേണ്ടി തിരുവനന്തപുരത്തെ ബാർട്ടൻഹില്ലിലുള്ള സർക്കാർ എഞ്ചിനീയറിങ്ങ് കോളേജിൽ വേണ്ട സജ്ജീകരണങ്ങൾ ഒരുക്കിക്കഴിഞ്ഞു. അതുപോലെ ജർമനിയിലെ Bosch Rexroth കേരളത്തിൽ സ്ഥാപിക്കുന്ന കേഴ്സുകളാണ് Centres of Competence/Centres of Excellence. ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. Hydraulics, Pneumatics, CNC Control systems, Robotics മുതലായ മേഖലകളിലാണ് Bosch ന്റെ Centres of Competence/Centres of Excellence സ്ഥാപിക്കുക

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക് ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| വ്യവസായ വകുപ്പ് | - 48 |
| ടൂറിസം വകുപ്പ് | - 41 |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | - 20 |
| വൈദ്യുതി വകുപ്പ് | - 17 |
| ആരോഗ്യ വകുപ്പ് | - 14 |
| ശാസ്ത്ര സാങ്കേതിക വകുപ്പ് | - 11 |
| തുറമുഖ വകുപ്പ് | - 7 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | - 7 |
| വിവരസാങ്കേതിക വകുപ്പ് | - 5 |
| തൊഴിൽ വകുപ്പ് | - 4 |
| കൃഷി വകുപ്പ് | - 1 |
| റവന്യു വകുപ്പ് | - 1 |
| | 176 |

Section Officer